മുഹമ്മദ് ബ്നു സ്വായിൽ

# സംസ്കാരവും നാഗരികതയും തമ്മിൽ

**സംജ്ഞകളും** പദാവലികളും വലിയ സ്വാധീനമാണ് ചെലുത്തുന്നത്. മറ്റുള്ളവരിലേക്ക് എത്തിച്ചേരാനും അവരുടെ ചിന്തകളെ വശപ്പെടുത്താനും ഈ സംജ്ഞകളെ ഉപയോഗപ്പെടുത്താം. ഓരോ സംജ്ഞയും ചിന്തയുടെയും വിജ്ഞാനത്തിന്റെയും വലിയൊരു ലോകമാണ് ഉള്ളടങ്ങിയിട്ടുള്ളത്. ഈ സംജ്ഞകളുടെ മറവിൽ ഇതര സമൂഹങ്ങൾക്ക് മേൽ ധൈഷണികവും ചിന്താപരവുമായ കടന്നുകയറ്റം വരെ സാധ്യമാണെന്നർഥം. അവ്യക്തതയും നിഗൂഢതയും പൊതിഞ്ഞിരിക്കും പലപ്പോഴും ഈ സംജ്ഞകളെ. ഡെമോക്രസി, സെക്യുലരിസം, ഗ്ലോബലൈസേഷൻ, ഹ്യൂമനിസം, ഫ്രീഡം പോലുള്ള പാശ്ചാത്യ പദാവലികൾ ഉദാഹരണം. ഇവ കടുത്ത ആശയ സംഘട്ടനങ്ങൾക്ക് വഴിവെക്കുന്നതും നാം കാണുന്നു. ആ ഇനത്തിൽ പെട്ടതുതന്നെയാണ് സംസ്കാരം, വികസനം എന്നീ സംജ്ഞകൾ.

സംസ്കാരമെന്ന് പറഞ്ഞാൽ സ്ഥിരതയും നാഗരിക വികാസവുമാണ്. ഭൗതികവും ആത്മീയവുമായ പലതരം മനുഷ്യ കർമങ്ങൾ ഒത്തുചേർന്ന് രൂപപ്പെടുന്ന ഒന്നാണിത്. അതിനാൽ സംസ്കാരം ഏക ശിലാസ്വഭാവമുള്ള ഒന്നല്ല. മനുഷ്യനെക്കുറിച്ചും അവന്റെ ഉൺമയെക്കുറിച്ചുമുള്ള ആദർശ സങ്കൽപങ്ങളുടെയും ധൈഷണിക വ്യവഹാരങ്ങളുടെയുമൊക്കെ ആകെത്തുകയാണിത്. മനുഷ്യൻ ആരാണ്? അവന്റെ ജീവിത ലക്ഷ്യമെന്ത്? ഉത്തരവാദിത്വമെന്തായിരിക്കണം, മരണശേഷം പര്യവസാനം എങ്ങനെ, മനുഷ്യന്റെയും പ്രപഞ്ചത്തിന്റെയും സ്രഷ്ടാവ് ആരാണ്, അവന്റെ ഗുണവിശേഷണങ്ങൾ എന്തെല്ലാം, അവനോടുള്ള മനുഷ്യരുടെ കടപ്പാടുകൾ ഏവ, ദൈവത്തിനും മനുഷ്യനും ഇടയിലുള്ള ബന്ധം എന്ത്? എന്താണ് പ്രപഞ്ചം, പ്രപഞ്ചവും മനുഷ്യനും തമ്മിലെ ബന്ധമെങ്ങനെ? ഇത്തരം മർമപ്രധാനമായ വിഷയങ്ങളെക്കുറിച്ച അന്വേഷണങ്ങളാണ് സംസ്കാരത്തെ നിർവചിക്കുന്നതും അതിന് സ്വന്തമായ നിലനിൽപ് നൽകുന്നതും. ഒരൊറ്റ അച്ചിൽ വാർത്തതല്ല സംസ്കാരം എന്ന് നാം പറയും. ഓരോ സംസ്കാരത്തിനും അതിന്റേതായ ഭാവങ്ങളും മൂല്യ സംഹിതകളുമുണ്ട്. അങ്ങനെയാണ് നാം സംസ്കാരത്തെ സമൂഹത്തിലേക്ക് ചേർത്ത് അറേബ്യൻ സംസ്കാരം, റോമൻ സംസ്കാരം, പേർഷ്യൻ സംസ്കാരം എന്നും മതത്തിലേക്ക് ചേർത്ത് ഇസ്‌ലാമിക സംസ്കാരം, ക്രൈസ്തവ സംസ്കാരം, ബഹുദൈവത്വ സംസ്കാരം എന്നും നാടുകളിലേക്ക് ചേർത്ത് ഗ്രീക്ക് സംസ്കാരം, സിന്ധു നദീതടസംസ്കാരം, ഈജിപ്ഷ്യൻ സംസ്കാരം എന്നുമൊക്കെ പറയുന്നത്.

### സംസ്കാരത്തിന്റെ സ്വഭാവം

സംസ്കാരത്തിന്റെ ഉള്ളടക്കവും തനിമയും നൽകുന്ന സുപ്രധാന ഘടകം മതമാണ്. മതമെന്നാൽ ദൈവത്തിനുള്ള വണക്കവും കീഴ്പ്പെടലുമാണ്. അത് മനുഷ്യ പ്രകൃതിയുടെ ഭാഗമാണ്. വേദങ്ങളിൽനിന്നും നാം മനസ്സിലാക്കുന്നത്, ആദ്യ മനുഷ്യൻ ആദമാണെന്നും അദ്ദേഹം പ്രവാചകനും ദൈവത്തെ മാത്രം വണങ്ങിയവനും ആയിരുന്നുവെന്നുമാണ്. പത്ത് നൂറ്റാണ്ടോളം അദ്ദേഹത്തിന്റെ പുത്രകളത്രാദികൾ ദൈവിക നിയമസംഹിതക്കും ഏകത്വ ദൈവദർശത്തിനുമനുസരിച്ചാണ് ജീവിച്ചിരുന്നത് എന്ന് ഇബ്നു അബ്ബാസി(റ)ൽനിന്ന് സ്ഥിരപ്പെട്ടുവന്ന ഒരു പരാമർശമുണ്ട്. അതിനാൽ ദൈവത്തിന് വഴിപ്പെടൽ, ആ ദൈവത്തിന്റെ ഏകത്വം എന്നിവയാണ് മനുഷ്യജീവിതത്തിന്റെ അടിസ്ഥാനം എന്ന് കാണാവുന്നതാണ്. പിന്നീടാണ് മനുഷ്യകുലത്തിൽ വ്യതിയാനങ്ങളും ബഹുദൈവത്വ സങ്കൽപങ്ങളും ദൈവേതര പൂജകളുമെല്ലാം രൂപപ്പെട്ടത്. സ്വാഭാവികമായും മനുഷ്യ സ്വഭാവവും സംസ്കാരവുമെല്ലാം വ്യതിചലനത്തിന് വിധേയമായി. ഇത്തരം മാർഗഭ്രംശങ്ങൾ തിരുത്തി അടിസ്ഥാന തത്ത്വങ്ങളിലേക്ക് മനുഷ്യ സഞ്ചയത്തെ തിരിച്ചുകൊണ്ടുവരാനാണ് കാലാ കാലങ്ങ

ളിൽ പ്രവാചകന്മാർ നിയോഗിതരായത്. അതിലേക്ക് സൂചന നൽകിക്കൊണ്ട് ഖുർആൻ പറയുന്നു: "ആദിയിൽ മനുഷ്യൻ ഒറ്റ സമൂഹമായിരുന്നു. പിന്നീട് ദൈവം പ്രവാചകരെ മുന്നറിയിപ്പു നൽകുന്നവരായും സന്തോഷ വാർത്ത നൽകുന്നവരായും അയച്ചു" (*അൽബഖറ* 213). അതായത് ജനങ്ങൾ ദൈവത്തിന് ആരാധനകളർപ്പിക്കുന്നതിലും ദൈവത്തിന്റെ ഏകത്വ ദർശനത്തിലും ഒറ്റ സമൂഹമായിരുന്നു. സംസ്കാരവും ഒന്നായിരുന്നു. ഈ ഏക സ്വഭാവത്തിൽനിന്ന് വ്യതിചലിച്ചപ്പോഴാണ് ദൈവം അവരെ നേർവഴിക്ക് നയിക്കാനും സ്വർഗ രാജ്യത്തെക്കുറിച്ച് സുവാർത്ത അറിയിക്കാനും പ്രവാചകരെ അയച്ചത്. സംസ്കാരത്തെ വ്യതിയാനങ്ങളിൽനിന്നും വക്രീകരണങ്ങളിൽനിന്നും വിമലീകരിക്കുകയെന്നതും അവരുടെ ലക്ഷ്യമായിരുന്നു. ദൈവത്തിങ്കലേക്ക് പശ്ചാത്തപിച്ച് മടങ്ങാത്തവർക്കും വഴിതെറ്റിതന്നെ സഞ്ചരിക്കുന്നവർക്കും മോശമായ പര്യവസാനത്തെക്കുറിച്ചും ശിക്ഷയെക്കുറിച്ചും അവർ മുന്നറിയിപ്പ് നൽകി.

സമൂഹത്തിന്റെ ഭൗതികവും ആത്മീയവുമായ മൂല്യങ്ങളെയാണ് സംസ്കാരം പ്രതിബിംബിപ്പിക്കുന്നത്. അതുകൊണ്ടാണ് സമൂഹത്തിൽ ആധിപത്യം ചെലുത്തുന്ന ആദർശങ്ങളും ആശയങ്ങളും മാറുമ്പോൾ ഭിന്ന സംസ്കാരങ്ങൾ ഉടലെടുക്കുന്നത്. സംസ്കാരങ്ങൾക്കിടയിലെ ഭിന്നത എന്ന് പറയുന്നത് മതപരമായ ആദർശ സങ്കൽപങ്ങളിലും പ്രമാണങ്ങളിലുമുള്ള ഭിന്നതയാണ്. എന്നാൽ രൂപഭാവങ്ങളിലുള്ള സാംസ്കാരിക വൈജാത്യങ്ങൾ സാമൂഹികാചാരങ്ങൾക്കും സ്ഥലകാല സ്വാധീനങ്ങൾക്കും വിധേയമായും സംഭവിക്കാം.

### സംസ്കാര സംഘട്ടനമോ സൗഹാർദമോ?

ഓരോ ജനവിഭാഗത്തിനും അവരുടേതായ സംസ്കാരമുണ്ട്. അവരതിൽ ഉറച്ചു നിൽക്കുകയും ചെയ്യുന്നു. അങ്ങനെ വരുമ്പോൾ ഓരോ സംസ്കാരവും മറ്റേ സംസ്കാരവുമായി ധൈഷണിക സംഘട്ടനത്തിൽ ഏർപ്പെടാതെ വയ്യ. ഒന്ന് മറ്റൊന്നിനെ അതിജയിക്കും വരെ ആദർശപരവും ചിന്താപരവുമായ ഈ സംഘട്ടനങ്ങൾ തുടരും. സമൂഹത്തിലെ ആളുകളുടെ ശക്തി, അധികാരം, സംസ്കാരത്തിലുള്ള ദൃഢ വിശ്വാസം, അഭിമാന ബോധം എന്നിവയുടെ കരുത്തനുസരിച്ച് സംസ്കാരം ആധിപത്യം നേടുകയും അതിജയിക്കുകയും ചെയ്യും. പക്ഷേ, അത് മറ്റൊന്നിനെ അന്തിമമായി ഇല്ലായ്മ ചെയ്യുകയില്ല. പ്രത്യുത കുറഞ്ഞ അനുയായികളിൽ ഒതുങ്ങി കീഴടക്കപ്പെട്ട ആ സംസ്കാരവും അവശേഷിക്കും. വ്യവസായം, വൈജ്ഞാനികവും സാങ്കേതികവുമായ കഴിവുകൾ, വൈദ്യമേഖലയിലുള്ള വികാസം തുടങ്ങിയ ഒട്ടേറെ കാര്യങ്ങളിൽ എല്ലാ സംസ്കാരങ്ങൾക്കും പൊതു പങ്കാളിത്തമുണ്ട്. ഭൗതിക കണ്ടുപിടിത്തങ്ങൾ, പരിഷ്കാരങ്ങൾ, മാനേജ്മെന്റിലെ പുരോഗതി ഇവയും അപ്രകാരം തന്നെ. ഈ രംഗങ്ങളിൽ പിന്നാക്കം നിൽക്കുന്നവർ മുൻപന്തിയിലുള്ളവരുടെ നേട്ടങ്ങളെ സ്വീകരിക്കുകയും സ്വാംശീകരിക്കുകയുമാണ് ചെയ്യുക. ഇതിലൂടെ സൗഹാർദവും സാംസ്കാരിക സഹകരണവും നേട്ടങ്ങളുടെ ആദാന പ്രദാനവും സാധ്യമാവുന്നു. അഥവാ ഓരോ സമുദായവും അവരുടെ സാംസ്കാരിക പശ്ചാത്തലത്തിന് അനുയോജ്യമായത് മാത്രമേ ഇതര സംസ്കാരങ്ങളിൽനിന്ന് സ്വീകരിക്കുകയുള്ളൂ.

ഒരു സമൂഹം യാതൊരു വിവേചനവുമില്ലാതെ മറ്റുള്ളവരുടെ എല്ലാ സാംസ്കാരിക ഉൽപന്നങ്ങളെയും വാരിപ്പുണരുകയാണെങ്കിൽ അതിന്റെ അർഥം, അവർ തങ്ങളിലേക്ക് വന്നുചേർന്ന സംസ്കാരത്തിന്റെ വർണം സ്വീകരിച്ചെന്നും സ്വന്തം സംസ്കാരത്തോടുള്ള കൂറ് ദുർബലമാക്കി എന്നുമാണ്. ചിന്തയിലേക്കും ബുദ്ധിയിലേക്കും നുഴഞ്ഞുകയറുകയും അറിഞ്ഞോ അറിയാതെയോ ആദർശത്തിൽനിന്നും വിശ്വാസത്തിൽനിന്നും വ്യതിചലിപ്പിക്കുകയും ചെയ്യുന്ന ധൈഷണിക അധിനിവേശത്തെക്കുറിച്ച് വർത്തമാനകാലത്ത് മനസ്സിലാക്കാൻ പ്രയാസമേതുമില്ല. സാമൂഹിക ശാസ്ത്രജ്ഞർ രൂപപ്പെടുത്തുകയും ഇബ്നു ഖൽദൂൻ തന്റെ *മുഖദ്ദിമ*യിൽ സൂചിപ്പിക്കുകയും ചെയ്ത ഒരു തത്ത്വം ഇങ്ങനെയാണ്: "തീർച്ചയായും അതിജയിക്കപ്പെടുന്നവൻ അതിജയിച്ചവനെ അനുകരിക്കുന്നതിൽ അതീവ തൽപരനായിരിക്കും." അപ്പോൾ രാഷ്ട്രീയമായും സൈനികമായും സാങ്കേതികമായും അതിജയിച്ച നാഗരികതക്ക്, ചിന്താപരമായും രാഷ്ട്രീയമായും പരാജിതരായ അതിജയിക്കപ്പെട്ടവരിൽനിന്ന് അനുയായികളുണ്ടാവുക സ്വാഭാവികമാണ്. അവർ അതിനെ സ്വാഗതം ചെയ്യുകയും അതിനു വേണ്ടി വാദിക്കുകയും തങ്ങളുടെ സന്തതികൾ പോലും സർവ കാര്യങ്ങളിലും അതിജയിച്ചവരെപ്പോലെ ആവണമെന്ന് ആഗ്രഹിക്കുകയും ചെയ്യും. ഏതൊരു സമൂഹത്തിനും നേരിടേണ്ടിവരുന്ന ഏറ്റവും മാരകമായ വിപത്താണിത്. സമൂഹങ്ങൾക്കിടയിലെ സംഘട്ടനവും പരസ്പരം അതി

ജയിക്കുന്നതും പ്രാപഞ്ചിക നടപടിക്രമമായിരിക്കെ വിശേഷിച്ചും. അല്ലാഹു പറയുന്നു: "ഇപ്പോൾ നിങ്ങൾക്ക് ക്ഷതമേറ്റിട്ടുണ്ടെങ്കിൽ ഇതിനു മുമ്പ് ശത്രുക്കൾക്കും ഇതുപോലുള്ള ക്ഷതമേറ്റിട്ടുണ്ട്. ജനത്തിനിടയിൽ നാം ആന്ദോളനം ചെയ്യിച്ചുകൊണ്ടിരിക്കുന്ന ഉത്ഥാനപതനങ്ങളുടെ നാളുകളത്രെ അത്" (*ആലുഇംറാൻ....*). അതിജയിക്കപ്പെടുന്നതുകൊണ്ടു മാത്രം ഒരു സമൂഹം ഇല്ലാതാവുകയില്ല. അതിജയിക്കപ്പെട്ട സമൂഹം സ്വന്തം നാഗരികതയിൽ അഭിമാനം കൊള്ളുകയും അതിന്റെ യഥാർഥ്യത്തിൽ ദൃഢബോധ്യമുള്ളവരാവുകയും ചെയ്യുമ്പോൾ വിശേഷിച്ചും. "അതിനാൽ നിങ്ങൾ ദുർബലരാകരുത്, സന്ധിക്കപേക്ഷിക്കയുമരുത്. വിശ്വാസികളെങ്കിൽ നിങ്ങൾ തന്നെയാണ് ഉന്നതർ" (*മുഹമ്മദ്* 35). ഒരു ആദർശവാദിയെ ശത്രു സൈനികമായി പരാജയപ്പെടുത്തിയാലും അവൻ പരാജയപ്പെടുകയില്ല. സൈനികപരാജയം ആഭ്യന്തര ദൗർബല്യത്തിലേക്ക് നയിക്കുകയില്ല. ക്ഷയിച്ച ശക്തി തിരിച്ചുപിടിക്കാനും ശത്രുവെ അതിജയിക്കാനുമുള്ള ഒരിടവേള മാത്രമായിരിക്കുമത്. പരാജയം മാനസികമാണെങ്കിലോ, ചെറുത്തുനിന്നിട്ടൊന്നും ഒരു കാര്യവുമില്ലെന്നായിരിക്കും അവൻ സ്വന്തത്തെ ബോധ്യപ്പെടുത്താൻ ശ്രമിക്കുക. മുമ്പത്തെപ്പോലെയൊന്നുമല്ല, കാലം മാറി എന്ന് പറഞ്ഞ് സ്വന്തത്തെ ന്യായീകരിക്കുകയും ചെയ്യും. തന്നെ എതിർക്കുന്നവരെ കാലത്തെ മനസ്സിലാക്കാത്തവർ എന്ന് അധിക്ഷേപിക്കും.

## സംസ്കാരവും നാഗരികതയും

ചിലർ സംസ്കാരത്തെയും നാഗരികതയെയും കൂട്ടിക്കുഴക്കും; എന്നിട്ട് നാഗരികതയെ സംസ്കാരമെന്ന് വിളിക്കും. യഥാർഥത്തിൽ നാഗരികത, സംസ്കാരത്തിന്റെ ഒരിനവും അതിന്റെ ഒരുൽപന്നവും മാത്രമാണ്. പ്രവാചകന്റെയും സച്ചരിതരായ നാല് ഖലീഫമാരുടെയും കാലത്ത് സംസ്കാരം അതിന്റെ ഉച്ചകോടിയിലായിരുന്നു. അതേസമയം നാഗരികതയാകട്ടെ ചൂണ്ടിക്കാണിക്കാൻ മാത്രം കാര്യമായി ഒന്നുമുണ്ടായിരുന്നുമില്ല. ഇസ്‌ലാമിക സമൂഹം അക്കാലത്ത് സംസ്കാരത്തിന്റെ ഏറ്റവും ഉയർന്ന സോപാനത്തിലാവാൻ കാരണം, അവർ മനുഷ്യകുലത്തെ ദൈവേതര അടിമത്തങ്ങളിൽനിന്നും ആരാധനകളിൽനിന്നും മോചിപ്പിച്ചു എന്നതിനാലാണ്. നീതിയുടെ അതുല്യമായ മാതൃക അവർ കാഴ്ച വെച്ചു. സാഹോദര്യവും നിർഭയത്വവും ഉയർത്തിപ്പിടിച്ചു. ആത്മീയവും മാനസികവും സാമൂഹികവും ചിന്താപരവുമായ നിർഭയത്വം. ഭീതിയില്ലാത്ത ഒരു ജീവിത സാഹചര്യമാണ് ഇസ്‌ലാമിക സമൂഹം കൊണ്ടുവന്നത്. ശാന്തിയും നിർഭയത്വവും നൽകുന്നത് കലർപ്പറ്റ വിശ്വാസമാണല്ലോ. അല്ലാഹു പറയുന്നു: "വിശ്വസിക്കുകയും ദൈവസ്മരണകൊണ്ട് മനസ്സുകൾ ശാന്തമായിത്തീരുന്നവരെയും ദൈവം സന്മാർഗത്തിലാക്കുന്നു. അറിയുക: ദൈവസ്മരണ കൊണ്ടു മാത്രമേ മനസ്സുകൾ ശാന്തമാവുകയുള്ളൂ" (*അർറഅ്ദ്* 28). ഇത് വർത്തമാനകാല നിർഭയത്വത്തിലേക്കാണ് ചൂണ്ടുന്നത്. ഭാവി നിർഭയത്വത്തിലേക്ക് ചൂണ്ടി വേദഗ്രന്ഥം പറയുന്നു: "സത്യവിശ്വാസം കൈക്കൊള്ളുകയും തങ്ങളുടെ വിശ്വാസത്തെ അധർമംകൊണ്ട് മലിനമാക്കാതിരിക്കുകയും ചെയ്തവരാരോ, അവർക്കാണ് നിർഭയത്വമുള്ളത്. അവർ തന്നെയാണ് സന്മാർഗം സിദ്ധിച്ചവരും" (*അൽഅൻആം* 82). അതിനാൽ സാംസ്കാരിക ഉയർച്ചയും മനഃസമാധാനവും നാഗരിക പുരോഗതി ഉണ്ടായിട്ടില്ലെങ്കിലും ലഭിക്കുന്നതാണ്. എന്നാൽ നാഗരികത വഴിതെറ്റിയതും അനാരോഗ്യകരമായ മാത്സര്യം സൃഷ്ടിക്കുന്നതുമാണെങ്കിൽ, നാഗരികതയുടെ പുരോഗതിയും പളപളപ്പുമെല്ലാം നിർഭാഗ്യത്തിന് ഹേതുവായി മാറും. ഇതിലേക്കാണ് ഈ പ്രവാചക വചനം സൂചന നൽകുന്നത്. "നിങ്ങളുടെ മുൻഗാമികൾക്കുണ്ടായതുപോലെയുള്ള സമ്പദ്സമൃദ്ധി നിങ്ങൾക്കുണ്ടാകുന്നതാണ് ഞാൻ ഭയക്കുന്നത്. അങ്ങനെ അവർ പരസ്പരം മത്സരിച്ചതുപോലെ നിങ്ങളും മത്സരിക്കും. അവർ നശിച്ചതുപോലെ നിങ്ങളും നശിക്കും."

നാഗരികതയും അത് നൽകുന്ന ജീവിത സൗകര്യങ്ങളും ആരെയും വശീകരിക്കുമെന്ന കാര്യത്തിൽ സംശയമില്ല. മനസ്സുകൾ അതിലേക്ക് ചാഞ്ഞുപോകും. മതപ്രമാണങ്ങൾക്ക് വിരുദ്ധമാവാത്ത അടിത്തറകളിൽ നാഗരികത കെട്ടിപ്പടുക്കുകയാണ് ഇതിന് പരിഹാരം. അബുൽ ഹസൻ അലി നദ്‌വി പറയുന്നു: "തീർച്ചയായും മതത്തിന് സംസ്കാരവുമായി സുദൃഢ ബന്ധമാണുള്ളത്. അതിനാൽ ഒരാൾ വിശ്വസിച്ചംഗീകരിക്കുന്ന ആദർശത്തിനും അവൻ നയിക്കുന്ന ജീവിതത്തിനുമിടയിൽ പൊരുത്തവും യോജിപ്പും അനിവാര്യമാണ്. ജീവിതത്തിനും ആദർശത്തിനുമിടയിൽ വിടവുണ്ടായാൽ മതവും ആദർശവും ഒരു ഭാഗത്തും ജീവിതം വേറൊരു ഭാഗത്തുമായിത്തീരും. ആ മതം ജീവിതത്തിന് മേൽ ആധിപത്യമില്ലാത്ത മതമായിരിക്കും. എന്നാൽ ജൈവികവും ദൈവികവുമായ മതം അത് ആധിപത്യം ചെലുത്തുകയാണ് ചെയ്യുക. അതിനു മേൽ ആധിപത്യം ചെലുത്തപ്പെടുകയില്ല. അത് ഭരി

ക്കുകയാണ്, ഭരിക്കപ്പെടുകയല്ല. അത് നയിക്കുകയും നേതൃത്വം കൊടുക്കുകയുമാണ്, നയിക്കപ്പെടുകയോ മനുഷ്യന് തോന്നുംപോലെ വ്യാഖ്യാനിക്കപ്പെടുകയോ അല്ല. ഇത് വ്യാജം, ഇത് ഒറിജിനൽ, ഇത് അനുവദനീയം, ഇത് നിഷിദ്ധം, ഇത് ശരി, ഇത് തെറ്റ് എന്ന് ചൂണ്ടിക്കാട്ടി ജീവിതത്തിൽ ഇടപെടുകയും അതിനെ സംസ്കരിക്കുകയും ചെയ്യുന്ന മതമാണ് യഥാർഥ മതം. മനുഷ്യനെ അത് ആപാദചൂഢം സംസ്കരിക്കുന്നു. മനുഷ്യന്റെ ഗാർഹിക ജീവിതം, കുടുംബജീവിതം, നാഗരിക ജീവിതം, അവന്റെ ചിന്ത, എല്ലാറ്റിനെയും ആ മതം സ്ഫുടം ചെയ്തെടുക്കുന്നു."

നാഗരികതയിൽനിന്നും മുക്തമായ മതം മതമായിരിക്കാം, പക്ഷേ, സംസ്കാരമല്ല. ആ മതം സാമൂഹിക വ്യവസ്ഥയോ ജീവിത വ്യവസ്ഥയോ അല്ല. ചിറകൊടിഞ്ഞതും തൂവൽ കൊഴിഞ്ഞതുമായ പക്ഷിയെപ്പോലെയാണത്. അതിനു പറന്നുയരാനോ അന്തരീക്ഷത്തിൽ വട്ടമിട്ട് പറക്കാനോ സാധ്യമല്ല. എന്നാൽ ജൈവിക മതം ഇടപാടുകളിലും രാഷ്ട്രീയത്തിലും നാഗരികതയിലുമെല്ലാം ചിറകടിച്ച് പറന്നുയരുന്നു. ഇത്തരം മതമാണ് ആദർശമനുസരിച്ച് ജീവിതത്തെ വാർത്തെടുക്കുന്നത്. ഇങ്ങനെയാണ് ഇസ്‌ലാം ഒരു സമ്പൂർണ സംസ്കാരത്തിന് ജന്മം നൽകുന്നത്. അത് ജ്വലിച്ചുയർന്നു നിൽക്കുന്ന സംസ്കാരമാണ്. യുക്തിഭദ്രവും നീതിപൂർവകവുമായ സംസ്കാരമാണ്, പരമോന്നതനായ ദൈവത്തിന്റെ ഏകത്വ ദർശനത്തിലും വിശ്വാസത്തിലും സ്ഥാപിക്കപ്പെട്ട സംസ്കാരമാണ്, ദൈവസ്മരണയിലും പരലോക വിചാരത്തിലും സാമൂഹിക നീതിയിലും മനുഷ്യാദരവിലും കാരുണ്യത്തിലും കെട്ടിപ്പടുക്കപ്പെട്ട സംസ്കാരമാണ്. അവകാശങ്ങളെയും ബാധ്യതകളെയും കൂട്ടിയിണക്കുന്ന, ആദാനപ്രദാനങ്ങളെ ഉൾക്കൊള്ളുന്ന, മതഭേദമന്യേ മൂല്യങ്ങൾ അംഗീകരിക്കുന്ന സംസ്കാരം. ആദർശത്തിന്റെയും ദൈവികജ്ഞാനത്തിന്റെയും ഖുർആനിക പ്രമാണങ്ങളുടെയും പ്രവാചക ചരിത്രത്തിന്റെയും അടിസ്ഥാനത്തിലാണത് രൂപംകൊണ്ടത്. മനുഷ്യൻ പരീക്ഷിച്ചറിഞ്ഞ ഏറ്റവും മഹത്വമാർന്ന സംസ്കാരവും മറ്റൊന്നല്ല.

സംസ്കാരമുക്തമായ എല്ലാ മതവും നാമാവശേഷമായിത്തീരാനുള്ളതാണ്. ആദർശമായി മതത്തെ ഉൾക്കൊള്ളുക, നിലപാടുകളിൽ അതിന്റെ ലാഞ്ഛന പോലും ഇല്ലാതിരിക്കുക– ഇത് സംസ്കാരമുക്തമായ മതത്തിന്റെ ഉൽപന്നമാണ്. ഇത്തരം മതത്തെ പ്രതിനിധീകരിക്കുന്നവർ മറ്റു നാഗരികതകളെ ചൂണ്ടിക്കാണിക്കുകയും അവയെ ഇറക്കുമതി ചെയ്യുകയും ചെയ്യുന്നു. ആ നാഗരികതകളാകട്ടെ തികച്ചും വ്യത്യസ്തമായ സാഹചര്യങ്ങളിൽ ജനിച്ച മറ്റു മതങ്ങളുടെ സന്തതികളുമായിരിക്കും. ചില പ്രത്യേക സാഹചര്യങ്ങളിലായിരിക്കും അവയുടെ പിറവി നടന്നിട്ടുണ്ടാവുക. ഫലമോ, ദിവസങ്ങൾക്കം ഇത്തരം ആളുകൾ സ്വന്തം ഐഡന്റിറ്റി കളഞ്ഞ് കുളിക്കുന്നു. തന്റെ മനസ്സിലും ബുദ്ധിയിലും സ്ഥിര പ്രതിഷ്ഠ നേടിയ മതത്തെ കൈയൊഴിയുകയും ചെയ്യുന്നു. സംസ്കാരവും ജീവിത മാതൃകയുമെല്ലാം അവർ മറ്റുള്ളവരിൽനിന്നാണ് കത്തിച്ചെടുക്കുക. പാശ്ചാത്യരിൽനിന്ന് നാഗരികതയും ജീവിതശൈലികളും കടം കൊള്ളുന്ന മുസ്‌ലിം ലോകത്തിന്റെ കാര്യത്തിൽ ഇന്ന് നാം ഭയപ്പെടുന്നതും ഇതുതന്നെയാണ്.

ആധുനിക ജീവിതത്തിൽ സംസ്കാരമെന്നാൽ നാഗരികതയും നാഗരികതയെന്നാൽ സംസ്കാരവുമാണെന്ന ധാരണയാണ് അധിക പേർക്കും. പാശ്ചാത്യരുടെ കണ്ണഞ്ചിക്കുന്ന നാഗരികതയും ടെക്നോളജിയും ഏതൊരു സംസ്കാരത്തിനും വെല്ലുവിളി ഉയർത്തുന്നുണ്ട്. ജനതതികളുടെ പ്രത്യേകതകളെയും മൂല്യവത്തായ ആചാരങ്ങളെയും ആദർശ സങ്കൽപങ്ങളെയും ഭൂമിശാസ്ത്രപരവും പാരിസ്ഥിതികവുമായ വൈവിധ്യങ്ങളെയും അവഗണിച്ച് ലോകത്തെ ഏക രൂപമാക്കാനുള്ള ശ്രമത്തിലാണ് ആഗോളവത്കരണം.

### പുരോഗതി എന്നാൽ

പുതിയതെന്തും പുരോഗമനപരം. ഇതാണ് വികസനത്തെക്കുറിച്ച മിക്കവരുടെയും കാഴ്ചപ്പാട്. എല്ലാ പഴയതും പിന്തിരിപ്പൻ എന്ന സൂചനയും ഇതിലടങ്ങിയിരിക്കുന്നു. ജനം പുതിയ രീതികളിലേക്കും ഫാഷനുകളിലേക്കും കൂട്ടത്തോടെ ഒഴുകുന്നത് അതൊക്കെയാണ് പുരോഗതി എന്ന് കരുതിയിട്ടാണ്. ഇതൊക്കെ സ്വന്തമാക്കിയവൻ പുരോഗമനക്കാരനും പരിഷ്കാരിയുമായി. എന്നാൽ യഥാർഥ പുരോഗതിയും സംസ്കാരവും തമ്മിലുള്ള ബന്ധം അവരൊട്ട് മനസ്സിലാക്കുന്നുമില്ല. നല്ലത് പ്രവർത്തിക്കാനും തിന്മ വെടിയാനും പ്രേരിപ്പിക്കുന്ന, പുരോഗമനോൻമുഖമായ ലോകത്തെ സൃഷ്ടിക്കുന്നതാണ് ശരിയായ സംസ്കാരം. ഈ രണ്ട് സംജ്ഞകളും ഇടകലർത്തി ഉപയോഗിക്കുന്നത് കൊണ്ടുള്ള ആശയക്കുഴപ്പം വികസിത രാഷ്ട്രങ്ങൾ, അവികസിത രാഷ്ട്രങ്ങൾഎന്ന വിഭജനത്തിൽ

കാണാവുന്നതാണ്. വികസിത രാഷ്ട്രങ്ങളെന്നാൽ, നാഗരികതയും ഉയർന്ന ടെക്നോളജിയും സ്ട്രാറ്റജിയും സാമ്പത്തിക ഭദ്രതയും കൂറ്റൻ നിർമാണകലയും കൈമുതലായുള്ള രാഷ്ട്രങ്ങൾ എന്നേ ഇന്ന് അർഥമുള്ളൂ. അവിടെയുള്ള സമൂഹങ്ങൾ എത്രമാത്രം ധാർമികമായി അധഃപതിച്ചാലും അവരുടെ മനസ്സമാധാനം പാടെ നഷ്ടപ്പെട്ടാലും അവ വികസിത രാഷ്ട്രങ്ങൾ തന്നെ. അവികസിത രാജ്യങ്ങൾ (വികസ്വര രാജ്യങ്ങൾ എന്ന് മയപ്പെടുത്തിയാണ് ഇപ്പോൾ പറയാറ്) എന്നാൽ നിർമാണ മേഖലയിലും ടെക്നോളജിയിലും പിന്നാക്കം നിൽക്കുന്നവരും ചെറിയ വരുമാനക്കാരുമായ രാഷ്ട്രങ്ങൾ എന്നർഥം. ഈ പേരിന് കീഴെ വരുന്ന അധിക രാഷ്ട്രങ്ങളും മുസ്‌ലിം രാഷ്ട്രങ്ങളാണ്. ഈ രാഷ്ട്രങ്ങളിലെ ടെക്നോളജിയും മാനേജ്മെന്റും നിർമാണ മേഖലയും സാമ്പത്തിക രംഗവുമൊന്നും ഒട്ടും ആശാവഹമല്ല. മനുഷ്യസമൂഹത്തെ സമുദ്ധരിക്കാൻ ഈ ശക്തിസ്രോതസ്സുകൾ തിരിച്ചുപിടിക്കൽ അനിവാര്യമായിരിക്കുന്നു.

ചുരുക്കത്തിൽ, ഇന്നത്തെ ലോകം രണ്ടുതരം പതിതാവസ്ഥകൾക്ക് നടുവിലാണ്. ഒന്ന്, നാഗരികമായും ഭൗതികമായും വികസിച്ചു എന്ന് പറയപ്പെടുന്നവർ ആത്മീയ പാപ്പരത്തവും ധാർമിക അപചയവും മാനസിക സംഘർഷവും കാരണമായി നാശത്തിന്റെ പടുകുഴിയിലാണുള്ളത്. ഒട്ടേറെ പാശ്ചാത്യ ചിന്തകർ തങ്ങളുടെ സംസ്കാരം എത്തിപ്പെട്ട പ്രതിസന്ധിയെക്കുറിച്ച് എഴുതിയത് കാണാനാവും. മൂല്യങ്ങളെയും ധാർമികതയെയും അവഗണിച്ച് ജഡിക വികാരാനന്ദങ്ങൾക്കും ഭൗതികതക്കും അമിത പ്രാധാന്യം നൽകിയതിന്റെ ദുരന്തമാണിത്. അമേരിക്കൻ ബുദ്ധിജീവിയായ അലക്സിസ് കാർലൈൽ 'നിഗൂഢനായ ആ മനുഷ്യൻ' എന്ന തന്റെ കൃതിയിൽ, മനുഷ്യനു വേണ്ടി നിർമിക്കപ്പെടുന്ന സംസ്കാരത്തിൽ മനുഷ്യസത്ത അവഗണിക്കപ്പെടുന്നു എന്ന വിമർശമാണ് ഉയർത്തുന്നത്.

ജർമൻ ചിന്തകനായ ഓൾബർട്ട് തന്റെ 'സാംസ്കാരിക പതനവും പുനർനിർമാണവും' എന്ന വിഖ്യാത ഗ്രന്ഥത്തിൽ സംസ്കാരത്തെക്കുറിച്ച് വേറിട്ടൊരു ചിന്ത അവതരിപ്പിക്കുന്നു. അദ്ദേഹം പറയുന്നു: "മനുഷ്യ സമൂഹത്തിന്റെ പൂർണതയെ സാക്ഷാത്കരിക്കുക, അതിനാവശ്യമായ കർമങ്ങളിൽ മുഴുകുക– ഇതാണ് സംസ്കാരം." ഇത് ഇരട്ട പ്രയത്നങ്ങൾ ഉൾക്കൊള്ളുന്നുണ്ട്. ഒന്ന്, നാം ജീവിതരംഗങ്ങളിൽ പോസിറ്റീവായ പ്രവർത്തനങ്ങൾക്ക് തയാറെടുക്കുക. രണ്ട്, ധാർമിക മൂല്യങ്ങൾ സ്വായത്തമാക്കുക. മനുഷ്യന്റെ അസ്തിത്വത്തിനും പ്രത്യേകതകൾക്കും അനുഗുണമായ സംസ്കാരത്തെ സൃഷ്ടിക്കുന്നത് ധാർമികതയാണെന്ന് അദ്ദേഹം ഊന്നിപ്പറയുന്നു. രണ്ടു കാര്യങ്ങൾ കൂടി അദ്ദേഹം വ്യക്തമാക്കുന്നുണ്ട്: ഒന്ന്, സംസ്കാരത്തിന്റെ മർമം കലർപ്പറ്റ ധാർമികതയാണ്. ആധുനിക പാശ്ചാത്യ നാഗരികതക്ക് വിനഷ്ടമായി പോയതും ഇതുതന്നെയാണ്. രണ്ട്, സംസ്കാരത്തിനും പ്രാപഞ്ചിക കാഴ്ചപ്പാടിനുമിടയിൽ ഗാഢ ബന്ധമാണുള്ളത്.

കോളിൻ വിൽസൻ പറയുന്നു: "ആത്മീയ ജീവിതത്തിന്റെ എല്ലാ വശങ്ങളും എടുത്ത് മാറ്റി, മേത്തരം ഫ്രിഡ്ജുകളും ടെലിവിഷൻ മോണിറ്ററുകളും ഉൽപാദിപ്പിച്ച് നിലവിലെ അന്ധമായ അവസ്ഥയിൽ ഈ സംസ്കാരത്തിന് മുന്നോട്ടുപോവാൻ കഴിയില്ല."

രണ്ടാമത്തെ പതിതാവസ്ഥ വികസ്വര രാജ്യങ്ങളെന്ന് വിശേഷിപ്പിക്കപ്പെടുന്നവരുടേതാണ്. അവ സ്വന്തം സംസ്കാരത്തിന്റെ അടിസ്ഥാനങ്ങളെ കൈവെടിഞ്ഞ് പാശ്ചാത്യ സംസ്കാരത്തെ പുൽകുകയും അതാണ് മേത്തരമെന്ന് കരുതുകയും ചെയ്തു. പാശ്ചാത്യരുടെ സാങ്കേതിക വിദ്യകളോ മറ്റു കഴിവുകളോ കൈവശമില്ലാത്തതിനാൽ ഈ രാഷ്ട്രങ്ങൾ അവരിലേക്കൊട്ടാനാണ് ആഗ്രഹിക്കുന്നത്. അങ്ങനെ അവ സ്വന്തം മൂല്യങ്ങളും സാംസ്കാരിക അടിസ്ഥാനങ്ങളും ഉപേക്ഷിക്കുകയോ പാശ്ചാത്യ മൂല്യങ്ങളുമായി താദാത്മ്യപ്പെടുകയോ ചെയ്യുന്നു. പിന്നീടവർക്ക് മത്സരിക്കാനുള്ള ത്രാണിയുണ്ടാവുകയില്ല. പാശ്ചാത്യ ടെക്നോളജിയോടും അതിന്റെ ഭൗതിക നിലവാരത്തോടുമടുക്കാൻ അവർക്ക് കഴിയുകയുമില്ല. കൊക്കിന്റെ നടത്തം അനുകരിക്കാൻ ശ്രമിച്ച മുടന്തൻ കാക്കയുടെ ദുരനുഭവമാണവർക്ക് വന്നുചേരുക. മുടന്തൻ കാക്കക്ക് അതിനു സാധിച്ചില്ലെന്ന് മാത്രമല്ല, കാക്കക്കൂട്ടത്തിലേക്ക് മടങ്ങിവരാൻ ശ്രമിച്ചപ്പോൾ പറക്കൽ മറന്നു പോവുകയും ചെയ്തു.

പുരോഗമനം, വികസനം ഇതൊക്കെ കേൾക്കാൻ ഇമ്പമുള്ള സംജ്ഞകളാണ്. പക്ഷേ, ഇതൊക്കെ പലപ്പോഴും അസ്ഥാനത്താണ് പ്രയോഗിക്കപ്പെടുന്നത്. സാമൂഹികവും സാംസ്കാരികവും വൈജ്ഞാനികവുമായ പൈതൃകങ്ങളെ മാറ്റിത്തിരുത്തുന്നതിന്റെയോ കൈവെടിയുന്നതിന്റെയോ ഒക്കെ പര്യായമായി പുരോഗമനം എന്ന വാക്ക് മാറിക്കഴിഞ്ഞിരിക്കുന്നു. ഇത്തരം സംജ്ഞ

കളുടെ യഥാർഥ വിവക്ഷ കൃത്യമായി പൊതുസമൂഹത്തിന് ബോധ്യപ്പെടുത്തി കൊടുക്കേണ്ടത് അനിവാര്യമാണ്. അല്ലാത്തപക്ഷം ഇത്തരം ആശയക്കുഴപ്പങ്ങൾ തുടർന്നുകൊണ്ടിരിക്കും. ■

വിവ: **അബ്ദുസ്സലാം പുലാപ്പറ്റ**